

# ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും

12

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.


# അദ്ധ്യായം ഒന്ന്

# വിശ്വാസവും ജീവിതവും



# കൂടുതൽ പഠിക്കുന്തോറും ദൈവത്തിന്റെ കരവിരുതിനു മുമ്പിൽ നാം വിസ്മയത്തോടെ നമ്രശിരസ്കരായി നില്ക്കും...

- ആർബർട്ട് ഐൻസ്റ്റൈൻ , ലൂയി പാസ്റ്റർ, വില്യം ആമ്പിയർ. ...
- ഈ പ്രപഞ്ചത്തിലെ സർവചരാചരങ്ങളും യഥാർത്ഥത്തിൽ നമ്മെ ദൈവത്തോടു അടുപ്പിക്കുകയും നമ്മുടെ ദൈവവിശ്വാസത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നവയാണ്.




ആർബർട്ട് ഐൻസ്റ്റൈൻ (1879–1955)

- തികഞ്ഞ ഈശ്വരവിശ്വാസി
  - വിദ്യാർത്ഥികളിൽ ഒരാൾ
- God is nowhere
- God is now-here

# ദൈവാന്വേഷിയായ മനുഷ്യൻ



- സൃഷ്ടിയുടെ നിമിഷത്തിൽ തന്നെ ഹൃദയത്തിൽ നിക്ഷേപി ക്കപ്പെടുന്ന ആഗ്രഹം...

- "'ദൈവമേ, നീ എന്നെ നിന ക്കായി സൃഷ്ടിച്ചു. നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായി രിക്കു'''

വി. ആഗസ്തിനോസ്

- മനുഷ്യന്റെ ദൈവാന്വേഷണത്തിന് പൂർണമായി ഉത്തരം നൽകുന്നതു ദൈവം തന്നെയാണ്.



ദൈവം അവിടുത്തെ വചനത്തിലൂടെയും പ്രവൃത്തികളിലൂടെയും സ്വയം വെളിപ്പെടുത്തുന്നതിനെയാണു ദൈവികവെളിപാട് അല്ലെങ്കിൽ ദൈവാവിഷ്കാരം എന്നു വിശേഷിപ്പിക്കുന്നത്.

# ദൈവിക വെളിപാട് /ദൈവാവിഷ്കാരം




- ‘‘ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന നമ്മോടു സംസാരിച്ചിരിക്കുന്നു’
- (ഹെബ്രാ. 1:2).

- മാംസം ധരിച്ച ദൈവവചനമായ ക്രിസ്തുവാണു ദൈവാവിഷ്ക്കാരത്തിന്റെ പൂർണത.  (ദൈവാവി ഷ്കാരം 4).

# വിശ്വാസം : ദൈവികവെളിപാടിനുള്ള പ്രത്യുത്തരം

- അദൃശ്യനായ ദൈവം വെളിപാടിലൂടെ തന്റെ സ്നേഹത്തിന്റെ സമ്പൂർണ്ണതയിൽ നമ്മോടു സംസാരിക്കുകയും, തന്റെ സൗഹൃദവലയത്തിലേയ്ക്കു നമ്മെ ക്ഷണിക്കുകയും; സ്വീകരിക്കുകയും ചെയ്യുന്നു.

- ഈശോമിശിഹായിലൂടെ തന്നെത്തന്നെ പൂർണമായി വെളിപ്പെടുത്തിയ ദൈവത്തിനു മനുഷ്യൻ സ്വയം സമർപ്പിച്ചുകൊണ്ടു നല്കുന്ന പ്രത്യുത്തരമാണു വിശ്വാസം.



# “വിശ്വാസത്തിന്റെ അനുസരണം”

റോമ. 16:26

**മതബോധനഗ്രന്ഥം 142, 143**

- ഈശോമിശിഹായിലൂടെ തന്നെത്തന്നെ പൂർണമായി വെളിപ്പെടുത്തിയ ദൈവത്തിനു മനുഷ്യൻ സ്വയം സമർപ്പിച്ചുകൊണ്ടു നല്കുന്ന പ്രത്യുത്തരമാണു വിശ്വാസം.

- ദൈവികവെളിപാടിനു മനുഷ്യൻ നൽകേണ്ട പ്രത്യുത്തരത്തിന്റെ പൂർണമായ രൂപം കുരിശിൽ സ്വയം സമർപ്പിച്ച ഈശോമിശിഹാ തന്നെയാണ്.



- സ്വയം സമർപ്പണത്തിന് ഉദാത്ത മാതൃകകളാണു പൂർവ പിതാവായ അബ്രാഹവും ദൈവമാതാവായ പരിശുദ്ധ കന്യകാമറിയവും.

# മറിയം : ‘‘വിശ്വസിച്ചവൾ ഭാഗ്യവതി’’

**ഹവ്വയിൽ നിന്നും വ്യത്യസ്തയായി ദൈവഹിതത്തിന്റെ മുമ്പിൽ തന്നെ ത്തന്നെ പൂർണമായി സമർപ്പിച്ചവ ളായിരുന്നു മറിയം.**

- വിശ്വാസത്തിന്റെ സംശുദ്ധ സാക്ഷാ ത്ക്കാരമായി മറിയത്തെ സഭ വണങ്ങു ന്നു.

(മതബോധനഗ്രന്ഥം 149)

**രക്ഷാകര കർമത്തിൽ മറിയത്തിനു സുപ്രധാന പങ്കാളിത്തം**



# വിശ്വാസത്തിന്റെ സവിശേഷതകൾ



# 1. വിശ്വാസം ദൈവദാനം



**പരിശുദ്ധാത്മാവാണു മനുഷ്യന്റെ ഹൃദയത്തെ ദൈവത്തിലേക്കു നയിക്കുന്നത്.**

‘‘മാംസരക്തങ്ങളല്ല സ്വർഗസ്ഥനായ എന്റെ പിതാവാണ് ഇതു നിനക്കു വെളിപ്പെടുത്തിത്തന്നത്’‘’ (മത്താ 16:17).

- വിശ്വാസം പ്രവൃത്തിപഥത്തിലാക്കുന്നതിനു മുമ്പ്, മനുഷ്യനെ പ്രചോദിപ്പിക്കാനും സഹായിക്കാനും ദൈവത്തിന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സഹായവും ആവശ്യവുമാണ്
- (മതബോധനഗ്രന്ഥം 153).

# 2. വിശ്വാസം – ഒരു മാനുഷിക പ്രവൃത്തി



ദൈവത്തിൽ ആശ്രയിക്കുകയും അവിടുന്നു വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളെ ആശ്ലേഷിക്കുകയും ചെയ്യുക എന്നതു മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും യുക്തിക്കും അനുസൃതമാണ്.

## വി. തോമസ് അകിനാസ് പറയുന്നു:

- ‘‘വിശ്വസിക്കുക എന്നതു കൃപാവരം മുഖേന ഇച്ഛാശക്തിയുടെ ആജ്ഞാനുസാരം ദൈവികവെളിപാടിനു വിധേയപ്പെടുന്ന ബുദ്ധിയുടെ പ്രവർത്തനമാണ്’’ (Summa Theologica II-II, 2,9).

# 3. വിശ്വാസം – യുക്തിയെ പൂർത്തീകരിക്കുന്ന ദാനം

## വിശുദ്ധ അഗസ്തീനോസിന്റെ വാക്കുകളിൽ

**മനുഷ്യൻ തന്റെ ബുദ്ധി കൊണ്ടു കണ്ടെത്തുന്ന അറിവിനു പൂർണത കൊടുക്കാൻ വിശ്വാസം അവനെ സഹായിക്കുന്നു.**

- വിശ്വസിക്കുവാൻ വേണ്ടി ഞാൻ ഗ്രഹിക്കുന്നു, ഗ്രഹിക്കുവാൻ വേണ്ടി ഞാൻ വിശ്വസിക്കുന്നു.

(I belive so that I may understand and I understand so that I may belive).

# 4. വിശ്വാസം – നിത്യജീവിതത്തിന്റെ ആരംഭം

**മതബോധനഗ്രന്ഥം 163**

- നമ്മൾ പ്രാപിക്കാനിരിക്കുന്ന സ്വർഗീയ മഹത്വത്തെക്കുറിച്ചുള്ള പ്രത്യാശയോടെയാണു നമ്മളെല്ലാവരും ഈ ലോകത്തിൽ ജീവിക്കുന്നത്. അതിനാൽ നമ്മുടെ വിശ്വാസം വഴി നാം നിത്യജീവിതത്തിന് ആരംഭം കുറിച്ചിരിക്കുന്നു.

# 5. വിശ്വാസം –

# അനുദിനം സംരക്ഷിക്കപ്പെടേണ്ട ദാനം

**വിശ്വാസം ഇന്നു പലവിധ പരീക്ഷണങ്ങൾക്കു വിധേയമായേക്കാം.**



- ജീവിതാവസാനം വരെ വിശ്വാസത്തിൽ തുടരാൻ നിരന്തരമായ പരിശ്രമം ആവശ്യമാണ്.

# വിശ്വാസ വിഷയങ്ങൾ

- ദൈവം വെളിപ്പെടുത്തിയ രഹസ്യങ്ങൾ ആണ് വിശ്വാസത്തിന്റെ അടിസ്ഥാനം. വഞ്ചിക്കുകയോ, വഞ്ചിക്കപ്പെടുകയോ ഇല്ലാതെ സാധ്യതയില്ലാത്തവനുമായ ദൈവം വെളിപ്പെടുത്തിയ സത്യങ്ങളായതുകൊണ്ടു വിശ്വസിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. ഇപ്രകാരം വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന വിശ്വാസ വിഷയങ്ങളാണ് വിശ്വാസപ്രമാണത്തിൽ.

# 1. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം


- സർവശക്തനായ പിതാവിലും, അവിടുത്തെ ഏകജാതനായ ഈശോമിശിഹായിലും, ജീവദാതാവായ പരിശുദ്ധാത്മാവിലുമുള്ള വിശ്വാസമാണത്.



- മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ഈശോയിലൂടെയാണു പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം അതിന്റെ പൂർണതയിൽ നമുക്കു വെളിപ്പെടുത്തപ്പെട്ടത്.
- മാമ്മോദീസാ സ്വീകരിച്ചിരിക്കുന്നതും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ്.

# 2. സഭയിലുള്ള വിശ്വാസം

- ഈ സഭ ദൈവത്തിന്റെ ജനവും ക്രിസ്തുവിന്റെ മൗതികശരീരവും
- പരിശുദ്ധാത്മാവിന്റെ ആലയവുമാണ്.



- സഭയെ ആണ് മിശിഹാ തന്റെ രക്ഷാകരദൗത്യം തുടരുവാൻ ഭരമേൽപി ച്ചിരിക്കുന്നത്.
- ദൈവവചനം ഔദ്യോഗികമായി വ്യഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അധികാരവും സഭയ്ക്കു തന്നെയാണു മിശിഹാ നൽകിയിരിക്കുന്നത്
- (മതബോധനഗ്രന്ഥം 751).

# 3. നിത്യജീവിതത്തിലുള്ള വിശ്വാസം

- മരണത്തിനു ശേഷം നിത്യമായ ജീവിതം ഉണ്ടെന്നും ഓരോരുത്തരുടെയും ജീവിതത്തിനനുസൃതമായി ലോകജീവിത്തിനു ശേഷം സ്വർഗമോ നരകമോ ലഭിക്കുമെന്നും സഭ വിശ്വസിക്കുന്നു



# വിശ്വാസജീവിതത്തിന്റെ തലങ്ങൾ.

1. സഭാതലം

- സഭയിലാണു വിശ്വാസജീവിതം വളരുന്നതും കരുത്താർജിക്കുന്നതും പൂവണിയുന്നതും.



# 2.കുടുംബതലം

- ഗാർഹികസഭയായ കുടുംബം – പൈതൃകമായി പകർന്നു കിട്ടുന്ന വിശ്വാസത്തിന്റെ കരുത്ത്.



# 3. വ്യക്തിതലം

- വളർച്ചയുടെ വഴികളും ഈ വഴികളിലെ അനുഭവങ്ങളും, അനുഭവങ്ങളിൽ നിന്നാർജ്ജിച്ചെടുക്കുന്ന ബോധ്യങ്ങളും ജീവിതസാക്ഷ്യങ്ങളും ഓരോ വ്യക്തിയുടെയും വിശ്വാസരൂപീകരണത്തിന്റെ പ്രേരകഘടകങ്ങളാണ്.



# 4. സമൂഹതലം

- സാമൂഹികജീവിയായ മനുഷ്യനു മാതൃകയാകാൻ കഴിവുള്ള വ്യക്തിത്വങ്ങൾ വിശ്വാസജീവിതത്തിനു പ്രചോദനമേകും.




THANK
YOU